**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 172** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഹോം നേഴ്സിംഗ് ഏജൻസികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ വി കെ പ്രശാന്ത്,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹോം നേഴ്സിംഗ് ഏജൻസികൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് അനുവദിച്ച് നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഹോം നേഴ്സിംഗ് ഏജൻസികൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് ആകെ എത്ര ഹോം നേഴ്സിംഗ് ഏജൻസികൾ നിലവിലുണ്ടെന്നും ഇതിൽ ലൈസൻസുള്ള എത്ര ഏജൻസികൾ ഉണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ; | (ബി) | 2011ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ 12-ാം ചട്ടത്തിൽ (വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും) പട്ടിക 2ൽ 302-ാം നമ്പറായി ഹോം നേഴ്സിംഗ് സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിൽ നിന്നും നിയമാനുസൃത ലൈസൻസ് അനുവദിച്ചു നൽകാറുണ്ട്. നഗരസഭയുടെ പരിധിയിൽ 76 ഹോം നേഴ്സിംഗ് ഏജൻസികൾ പ്രവർത്തിയ്ക്കുന്നുണ്ട്. ആയതിൽ 68 എണ്ണത്തിന് ലൈസൻസ് ലഭിച്ചിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർക്കുന്നു). നെടുമങ്ങാട്, കൊടുങ്ങല്ലൂർ, ഗുരുവായൂർ, പാലക്കാട്, നിലമ്പൂർ എന്നീ നഗരസഭകളിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിയ്ക്കുന്ന 8 ഹോം നേഴ്സിംഗ് ഏജൻസികൾക്ക് ലൈസൻസ് എടുക്കുന്നതിന് നഗരസഭകളിൽനിന്നും അറിയിപ്പ് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിലവിലുള്ള പഞ്ചായത്ത് ലൈസൻസ് ചട്ടങ്ങളിൽ ഹോം നേഴ്സിംഗ് ഏജൻസികൾക്ക് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശമില്ല. |
| (സി) | ഈ രംഗത്തെ ഏജൻസികൾ പരിശീലനം ലഭിച്ചവരെയാണോ ഹോം നേഴ്സുകളായി | (സി) | ഇല്ല. ഹോംനേഴ്സുമാർക്ക് പരിശീലനം നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ സംവിധാനങ്ങളൊന്നും |

| | | | |
|---|---|---|---|
| | നിയമിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | | നിലവിലില്ലാത്തതിനാൽ സർക്കാർ ഇക്കാര്യം പരിശോധിച്ചിട്ടില്ല. |
| (ഡി) | ഹോം നേഴ്സുമാർക്ക് പരിശീലനം നൽകുവാൻ സർക്കാർ തലത്തിൽ സംവിധാനങ്ങളുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ; ഹോം നേഴ്സുകൾക്ക് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇല്ല. ഹോംനേഴ്സുമാർക്ക് പരിശീലനം നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ സംവിധാനങ്ങളൊന്നും നിലവിലില്ലാത്തതിനാൽ സർക്കാർ ഇക്കാര്യം പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# നഗരകാര്യ വകുപ്പ്

## ഹോം നഴ്സിംഗ് ഏജൻസികൾ സംബന്ധിച്ച വിശദാംശങ്ങൾ

| Sl No | Name of ULB | നഗരസഭ പരിധിയിൽ എത്ര ഹോം നഴ്സിംഗ് ഏജൻസികൾ നിലവിലുണ്ട് | ആയതിൽ ലൈസൻസുള്ള ഏജൻസികളുടെ എണ്ണം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | Kochi | 7 | 7 |
| 2 | Kodungalloor | 1 | 0 |
| 3 | Attingal | 1 | 1 |
| 4 | Kottayam | 1 | 1 |
| 5 | Vaikom | 1 | 1 |
| 6 | Thodupuzha | 1 | 1 |
| 7 | Aluva | 1 | 1 |
| 8 | Piravom | 1 | 1 |
| 9 | Muvattupuzha | 1 | 1 |
| 10 | Angamaly | 1 | 1 |
| 11 | Perumbavoor | 1 | 1 |
| 12 | Kunnamkulam | 1 | 1 |
| 13 | Wadakanchery | 1 | 1 |
| 14 | Ponnani | 1 | 1 |
| 15 | Malappuram | 1 | 1 |
| 16 | Kottakkal | 1 | 1 |
| 17 | Thirur | 1 | 1 |
| 18 | Vadakara | 1 | 1 |
| 19 | Sulthan Bathery | 1 | 1 |
| 20 | Iritty | 1 | 1 |
| 21 | Kanjhangad | 1 | 1 |
| 22 | Nilambur | 2 | 1 |
| 23 | Kollam | 2 | 2 |

| Sl No | Name of ULB | നഗരസഭ പരിധിയിൽ എത്ര ഹോം നഴ്സിംഗ് ഏജൻസികൾ നിലവിലുണ്ട് | ആയതിൽ ലൈസൻസുള്ള ഏജൻസികളുടെ എണ്ണം |
|---|---|---|---|
| 1 | 2 | 3 | 4 |
| 24 | Thrissur | 2 | 2 |
| 25 | Pandalam | 2 | 2 |
| 26 | Irinjalakkuda | 2 | 2 |
| 27 | Perinthalmanna | 2 | 2 |
| 28 | Feroke | 2 | 2 |
| 29 | Guruvayoor | 3 | 0 |
| 30 | Nedumangad | 3 | 1 |
| 31 | Kozhikode | 3 | 3 |
| 32 | Karunagappally | 3 | 3 |
| 33 | Adoor | 3 | 3 |
| 34 | Cherthala | 4 | 4 |
| 35 | Kannur | 5 | 5 |
| 36 | Palakkad | 5 | 4 |
| 37 | Thiruvanathapuram | 6 | 6 |
| | **ആകെ** | **76** | **68** |

Bindu

സെക്ഷൻ ഓഫീസർ